(ബി) 2002 നവംബർ, ഡിസംബർ മാസങ്ങളിൽ വെരിഫിക്കേഷൻ കഴിഞ്ഞ റിപ്പോർട്ടുകളാണ് പെൻഡിംഗിൽ ഉണ്ടായിരുന്നത്.

(സി) പെൻഡിംഗിലിരുന്ന എല്ലാ അപേക്ഷകളും അന്വേഷണം പൂർത്തിയാക്കി പാസ്പോർട്ട് ഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

എം.ബി.ബി.എസ്. വിദ്യാർത്ഥിയായിരുന്ന എം. എസ്. അനീഷിന്റെ മരണം

157 (2149) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജ് അവസാന വർഷ എം. ബി. ബി. എസ്. വിദ്യാർത്ഥിയായിരുന്ന എ. എസ്. അനീഷിന്റെ മരണം സംബന്ധിച്ച് അദ്ദേഹത്തിന്റെ പിതാവ് 18-4-2002-ലും 30-9-2002-ലും ബഹു. മുഖ്യമന്ത്രിക്ക് നൽകിയിരുന്ന ഹർജികളിന്മേൽ എന്തു നടപടിയാണ് ഇതു വരെ സ്വീകരിച്ചിട്ടുള്ളത് ;

(ബി) അനീഷിന്റെ മരണം സംബന്ധിച്ച അന്വേഷണ ചുമതല കൊല്ലം ക്രൈബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ ; എങ്കിൽ ആർക്കാണ് ഇതിന്റെ അന്വേഷണ ചുമതല നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) കേസന്വേഷണം നടത്തുന്നതിൽ ബോധപൂർവമായ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കേസ് സംബന്ധിച്ച നിയമസഭാ പെറ്റീഷൻസ് കമ്മിറ്റിയുടെ നിഗമനങ്ങൾ എന്തൊക്കെയാണെന്നും, കമ്മിറ്റി ഇത് സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശുപാർശകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ;

(ഡി) കമ്മിറ്റി കണ്ടെത്തിയിട്ടുള്ള കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പരാതി കൊല്ലം ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ടിന് അയച്ചുകൊടുത്തിട്ടുള്ളതും ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നതുമാണ്.

(ബി) ഉണ്ട്. കൊല്ലം ക്രൈംബ്രാഞ്ചിലെ ഡിവൈ. എസ്. പി. ശ്രീ. അശോകനാണ് കേസ് അന്വേഷിക്കുന്നത്.

(സി) കേസന്വേഷണത്തിൽ ബോധപൂർവമായ കാലതാമസം വരുത്തിയിട്ടില്ല.

(ഡി) കമ്മിറ്റിയുടെ നിഗമനങ്ങളും ശുപാർശകളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly